Vol.20 No.09 Sep. 2023

# കാരുണികൻ

സമഗ്ര ദൈവശാസ്ത്ര മാസിക



## വചനബോധി

## മലങ്കര

സെപ്തംബർ 24, മത്താ 16:5-12 ....................................................................53
ഡോ. പോൾ കുഞ്ഞാനായിൽ mcbs
ഫാ. ഡാനി മാത്യു

ഒക്ടോബർ 01, മത്താ 18:21-35 .....................................................................57
ഡോ. പോൾ കുഞ്ഞാനായിൽ mcbs
ഫാ. ഏലിയാസ് ഐപ്പ് പാറയ്ക്കൽ

ഒക്ടോബർ 08, ലൂക്കാ 16:13-18 ..................................................................60
ഡോ. ജേക്കബ് മുല്ലൂർ
ഫാ. റോയ് ആഞ്ഞിലിമൂട്ടിൽ

ഒക്ടോബർ 15, മത്താ 23:1-12 ......................................................................63
ഡോ. തോമസ് വടക്കേൽ
ഫാ. ഷോജി വെച്ചൂർകരോട്ട്

# മത്താ 16:5 - 12

സെപ്തംബർ 24, സ്ലീബാപ്പെരുന്നാളിനുശേഷം 2-ാം ഞായർ

## I. പശ്ചാത്തലം

അനേകം രോഗികളെ സുഖപ്പെടുത്തുകയും(മത്താ 15:29-31) രണ്ടാമതും അപ്പം വർധിപ്പിച്ചു കൊടുക്കുകയും (മത്താ 15:32-39) ചെയ്തതിനു ശേഷ വും ഫരിസേയരും സദുക്കായരും യേശുവിനെ പരീക്ഷിച്ചു കൊണ്ട് സ്വർഗ ത്തിൽനിന്ന് അടയാളം ആവശ്യപ്പെടുന്നു. അവരുടെ കാപട്യത്തെക്കുറിച്ച് യേശു ശിഷ്യന്മാർക്കു മുന്നറിയിപ്പു കൊടുക്കുന്നതാണ് ഇന്നത്തെ സുവിശേഷ ഭാഗം.

## II. പ്രമേയം

പ്രബോധനങ്ങൾ പുളിമാവ് പോലെയാണ്. അല്പം പുളിമാവ് മുഴുവൻ മാവിനെയും പുളിപ്പിക്കുന്നതു പോലെ പ്രബോധനങ്ങൾക്ക് വ്യക്തികളുടെ യും സമൂഹത്തിന്റെയും ജീവിതത്തെ സമൂലം സ്വാധീനിക്കാൻ ആവും. അവ തെറ്റായ പ്രബോധനമാണെങ്കിൽ നമ്മെ തിന്മകളിലേക്കും അധഃപതനത്തിലേ ക്കും നയിക്കും എന്ന അപകടവും പതിയിരിപ്പുണ്ട്. ഇത്തരം സാഹചര്യങ്ങ ളിൽ തെറ്റും ശരിയും തിരിച്ചറിഞ്ഞ് ശരിയായത് മാത്രം തെരഞ്ഞെടുക്കാനുള്ള സൂക്ഷ്മതയും ശ്രദ്ധയുമാണ് പ്രധാനം. Prosecho (ശ്രദ്ധയോടെ വർത്തിക്കുക, സൂക്ഷ്മത കാണിക്കുക) എന്ന ക്രിയ മൂന്നുപ്രാവശ്യം ഉപയോഗിച്ചുകൊണ്ട് (വാ. 5,11,12) സൂക്ഷ്മത കാണിക്കേണ്ടതിന്റെ ആവശ്യകതയെ ഈശോ ഊന്നി പറയുന്നു.

## III. സന്ദേശം

ഈശോ അപ്പം വർധിപ്പിച്ചതിനു രണ്ടുപ്രാവശ്യം സാക്ഷികളായെങ്കിലും നിലവിൽ തങ്ങളുടെ കൈയിൽ അപ്പം ഇല്ലാത്തത് ശിഷ്യന്മാരിൽ ആകുലത ഉ ണ്ടാക്കുന്നുണ്ട്. അവരുടെ അല്പവിശ്വാസമാണതിനു കാരണം (വാ. 8). ശരീരത്തിനുവേണ്ട അപ്പത്തേക്കുറിച്ചുള്ള ആകുലത അധ്വാനത്തിലും ദൈവ

പരിപാലനയിലുള്ള വിശ്വാസത്തിലും ഉരുക്കിക്കളഞ്ഞ്, നിത്യജീവനിലേക്ക് നയിക്കുന്ന ക്രിസ്തു വചനങ്ങൾ പാലിക്കാനുള്ള ശ്രദ്ധയാണ് ക്രിസ്തുശിഷ്യനാവശ്യം.

**ഡോ. പോൾ കുഞ്ഞാനായിൽ mcbs**

## IV. പ്രസംഗം: സ്വർഗരാജ്യത്തിലെ പുളിമാവ്

ഫരിസേയരുടെയും സദുക്കായരുടെയും പുളിമാവിനെ ഓർമ്മിപ്പിക്കുന്നതാണ് ഇന്നത്തെ സുവിശേഷ ഭാഗം. ഇവിടെ പുളിമാവ് എന്ന വാക്കുപയോഗിച്ചുകൊണ്ട് ഈശോ നമ്മുക്ക് താക്കീത് നല്കുന്നു. അവിശ്വാസികളുടെ വഴിയെ പോകരുതെന്നും അവരുടെ ഭവനങ്ങളിൽ പ്രവേശിക്കരുതെന്നും ഫരിസേയരുടെ നിന്ദ നിറഞ്ഞ പഠനങ്ങൾക്ക് കാതു കൊടുക്കരുതെന്നും സൂചിപ്പിക്കുന്നു.

ഈ സുവിശേഷ ഭാഗം പ്രാധാന്യമർഹിക്കുന്നത് അതിനു അനുബന്ധമായി നടക്കുന്ന ഭാഗം കൂടി ചേർത്ത് വായിക്കുമ്പോഴാണ്. ഫരിസേയരും സദൂക്കായരും ഈശോയെ തടങ്കിലാക്കാൻ തക്കം പാർത്തിരിക്കുന്നവരാണ്. ആയതിനാൽ അവനെ ബുദ്ധിമുട്ടിലാക്കണം എന്ന ദുഷ്ടലാക്കോട് കൂടിയാണ് സ്വർഗത്തിൽ നിന്ന് ഒരടയാളം ചോദിക്കുന്നത്.

ഈ ലോകത്തിൽ നടക്കുന്ന അത്ഭുതങ്ങളിലെല്ലാം ഈശോയുടെ സ്പർശം ഉണ്ടെന്ന് തിരിച്ചറിയാനാകുന്നില്ല എന്നതാണ് ഫരിസേയരുടെയും സദൂക്കായരുടെയും പ്രധാന പ്രശ്നം. അതുകൊണ്ടാണ്, അവർ സ്വർഗത്തിൽ നിന്ന് അടയാളം ആവശ്യപ്പെടുന്നതും അവനെ പരീക്ഷിക്കാൻ ഉദ്യമിക്കുന്നതും. ചുറ്റുമുള്ളതിൽ ഈശോയുടെ അത്ഭുതങ്ങളെ കാണാൻ സാധിക്കണം. സൃഷ്ടി ഒരത്ഭുതമാണ്, കൃപ ഒരത്ഭുതമാണ്, ജനനം ഒരത്ഭുതമാണ്, ഒരു ചെറിയ വിത്തിൽ നിന്ന് വലിയ മരമാകുന്നത് ഒരത്ഭുതമാണ്, ഇങ്ങനെ എണ്ണിയാൽ ഒടുങ്ങാത്ത അത്ഭുതങ്ങളുടെ ഈ ലോകത്ത് അതിന്റെ നിയന്താവിനെ പരീക്ഷിക്കാൻ ഒരുമ്പെടുകയാണ് ഫരിസേയരും സദുക്കായരും. അവരുടെ അജ്ഞതയെ മനസ്സിലാക്കിയ ഈശോ ഫരിസേയരുടെയും മറ്റും ദുഷ്ടലാക്കിനെ പറ്റി തന്റെ ശിഷ്യൻമാർക്ക് താക്കീത് നല്കുന്നു. കാരണം, അവരെ സംബന്ധിച്ച് എല്ലാം നിയമമാണ്. പ്രാർത്ഥനയും വിശ്വാസവും പഠിപ്പികലുമെല്ലാം നിയമാധിഷ്ഠിതമാണ്. നിയമത്തിൽ നിന്ന് അണുവിടമാറാൻ അവർ ആഗ്രഹിക്കുന്നില്ല, മാറ്റാൻ ആരെയും അനുവദിക്കുകയുമില്ല. ഈശോ പഠിപ്പിക്കുന്ന സ്വാതന്ത്ര്യത്തിന്റെ സുവിശേഷം കേൾക്കാൻ അവരെ അനുവദിക്കാത്തതും ഈക്കാരണത്താലാണ്. ഈശോ പഠിപ്പിക്കുന്ന സത്യം മനസിലാക്കാൻ കഠിനമേറിയ നിയമബന്ധിതമായ ജീവിത സാഹചര്യത്തിൽനിന്നും പുറത്തുവരണം.

സാബത്തു ലംഘനം നടത്തുന്നവരെ കല്ലെറിഞ്ഞും ശിക്ഷയ്ക്ക് വിധേയമാക്കണമെന്നും നിയമം പഠിപ്പിക്കുമ്പോൾ ഈശോ ക്ഷമിക്കാൻ പഠിപ്പിക്കുന്നു. നിയമത്തിന്റെ ബലത്തിൽ വേശ്യയെ കല്ലെറിഞ്ഞ് കൊല്ലാൻ കൊണ്ടുവന്നപ്പോൾ അവൾക്ക് രക്ഷയുടെ സുവിശേഷം കാട്ടിയത് ഈശോയുടെ പുതിയ നിയമമാണ്. പാപമില്ലാത്തവൻ കല്ലെറിയട്ടെ എന്ന് ഈശോ പ്രഖ്യാപിച്ചപ്പോൾ, വന്നവരിൽ പലരും കല്ലുകളുപേക്ഷിച്ച് തിരികെ യാത്രയാകുന്നു. അങ്ങനെ നോക്കുമ്പോൾ കല്ലെറിയാൻ യോഗ്യതയുണ്ടായിരുന്ന ഈശോ അവരെ ഇപ്രകാരം ഓർമിപ്പിക്കുന്നു. "സാബത്ത് മനുഷ്യനുവേണ്ടിയാണ്; മനുഷ്യൻ സാബത്തിനുവേണ്ടിയല്ല. മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണ്." (മർക്കോ 2: 27-28). ഒന്നോർക്കാം, "ഒരുവനും ദൈവസന്നിധിയിൽ നിയമംവഴി നീതീകരിക്കപ്പെടുന്നില്ല എന്നു വ്യക്തമാണ്. എന്തെന്നാൽ, നീതിമാൻ വിശ്വാസംവഴിയാണു ജീവിക്കുക." (ഗലാ 3 : 11).

ഫരിസേയന്മാരുടെയും സദൂക്കായരുടെയും പഠിപ്പിക്കലുകൾ പുളിച്ചമാവിനോട് ക്രിസ്തു താരതമ്യം ചെയ്യുന്നത് ശ്രദ്ധേയമാണ്. പുളിമാവെന്ന ബിംബം ആനുപാതിക മായി ചെറുതായതിനാൽ പ്രത്യക്ഷത്തിൽ അപ്രധാനമായി തോന്നിയേക്കാം -ആദ്യഘട്ടങ്ങളിൽ മാവിൽ അതിന്റെ സാന്നിധ്യം അദൃശ്യമാണ് - എന്നിരുന്നാലും കാലക്രമേണ അത് സാഹചര്യത്തെ പൂർണമായും പരിവർത്തനം ചെയ്യുന്നു. ഫരിസേയരുടെയും സദൂക്കായരുടെയും പഠിപ്പിക്കലുകൾ ആനു പാതികമായി ചെറുതായി കാണപ്പെടുമെങ്കിലും കാലക്രമേണ അത് നമ്മുടെ ചിന്തകളെ ദുഷിപ്പിക്കും.

ഏത് പുളിമാവുമായി സഹവസിക്കണമെന്ന് ഇപ്പോൾ തീരുമാനിക്കേണ്ടത് നമ്മളാണ്. ഫരിസേയന്മാരുടെയും സദൂക്കായരു ടെയും പുളിമാവുമായി സഹവസിച്ചാൽ നാം നിയമത്തിന്റെ തടവുകാരായിരി ക്കും, എന്നാൽ സ്വർഗരാജ്യത്തിലെ പുളിമാവുമായി സഹവസിച്ചാൽ, ക്രിസ്തു വാഗ്ദാനം ചെയ്യുന്ന യഥാർത്ഥ സ്വാതന്ത്ര്യത്തെ നമുക്ക് അനുഭവിക്കാനാകും. നമ്മുടെ ശീലം നമ്മുടെ സ്വഭാവമായി മാറുന്നതിന് ശരിയായ തിരഞ്ഞെടുപ്പ് നടത്താൻ ദൈവം നമ്മെ ശക്തിപ്പെടുത്തട്ടെ.

**ഫാ. ഡാനി മാത്യു**

# മത്താ 18:21-35

ഒക്ടോബർ 01, സ്ലീബാപ്പെരുന്നാളിനുശേഷം 3-ാം ഞായർ

## I. പശ്ചാത്തലം

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ സമൂഹ ജീവിതത്തെക്കുറിച്ചുള്ള പ്രബോധനത്തിന്റെ (മത്താ 18:1-35) ഭാഗമാണ് ഇന്നത്തെ സുവിശേഷം. ഈ പ്രബോധനം ആരംഭിക്കുന്നത് ശിശുക്കളെപ്പോലെ സ്വയം ചെറുതാകാൻ നിർദേശിച്ചുകൊണ്ടും ആർക്കും ദുഷ്പ്രേരണ നല്കാതിരിക്കാൻ സൂക്ഷിക്കണമെന്ന് ആഹ്വാനം ചെയ്തുകൊണ്ടുമാണ്. ആരെയും നിന്ദിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളണമെന്നും വഴിതെറ്റിപ്പോയവരെ വീണ്ടെടുക്കണമെന്നും പരസ്പരം തിരുത്തണമെന്നും തുടർന്ന് പഠിപ്പിക്കുന്നു. അനുരഞ്ജനത്തിനു ജീവിക്കുന്ന ക്രൈസ്തവ സമൂഹങ്ങൾക്ക് ഈശോയുടെ നാമത്തിൽ ഒരുമിച്ച് കൂടാനും ദൈവസാന്നിധ്യത്തിന്റെ ഇടങ്ങളാകാനും സാധിക്കും. തുടർന്ന് പരസ്പരം ക്ഷമിക്കുന്നതിനുള്ള പ്രാധാന്യത്തെ വിശദമാക്കുന്നു.

## II. പ്രമേയം

സ്വർഗത്തെക്കുറിച്ചും (വാ. 1:35) ശിക്ഷയെക്കുറിച്ചുമുള്ള (വാ. 9,34) പരാമർശങ്ങൾക്കിടയിലാണ് (inclusion) സുവിശേഷകൻ സമൂഹജീവിതത്തെക്കുറിച്ചുള്ള പ്രബോധനം ക്രമീകരിച്ചിരിക്കുന്നത്. മനോഹരമായ ക്രൈസ്തവ സമൂഹങ്ങൾ കെട്ടിപ്പടുക്കാനും സ്വർഗപ്രവേശനവും നിത്യജീവനും സ്വന്തമാക്കാനും അത്യന്താപേക്ഷിതമായ സുകൃതമാണ് ക്ഷമ. അത് ഏഴു പ്രാവശ്യം ക്ഷമിക്കാനുള്ള മഹാമനസ്കതയല്ല, അതിനുമപ്പുറം പരിധിയില്ലായ്മയെ കാണിക്കുന്ന 'ഏഴ് എഴുപതു പ്രാവശ്യം' ക്ഷമിക്കലാണ്. ക്രൈസ്തവർ പ്രാവർത്തികമാക്കേണ്ട ഈ ക്ഷമയുടെ മാനദണ്ഡം ദൈവം മനുഷ്യവംശത്തോടു കാണിക്കുന്ന ക്ഷമ തന്നെയാണ്. ഒരു സാധാരണക്കാരന് നൂറു ദനാറ നൂറു ദിവസത്തെ അധ്വാനം കൊണ്ട് നേടാനാകുമെങ്കിൽ, ഒരായുഷ്ക്കാലത്തെ കഷ്ടപ്പാട് പതിനായിരം താലന്തു സമ്പാദിക്കാൻ മതിയാകണമെന്നില്ല. പതിനാ

യിരം താലന്ത് കടപ്പെട്ടിരുന്നവന്റേത് തനിക്ക് തിരിച്ചു കിട്ടാൻ സാധ്യതയില്ലാത്ത കടമായിരുന്നിട്ടും 'ക്ഷമയോടെ കാത്തിരിക്കണമേ' എന്നവനപേക്ഷിച്ചതിനാൽ രാജാവ് മനസ്സലിവു കാണിച്ച് അയാൾക്കിളവു നല്കുകയാണ്. എന്നാൽ തനിക്കു കിട്ടിയ കരുണയുടെ നൂറിലൊരംശം പോലും സഹ സേവകനോട് കാണിക്കാത്ത അയാൾ ഒടുവിൽ ശിക്ഷാവിധിക്കു വിധേയനാകുന്നു.

## III. സന്ദേശം

പരസ്പരം ക്ഷമിക്കുന്നതിൽ അലംഭാവം കാണിക്കുന്ന അംഗങ്ങളുള്ള ക്രൈസ്തവ സമൂഹങ്ങൾ നരക തുല്യമായിരിക്കും. കാരണം, ക്ഷമിക്കുന്നവർക്കേ ദൈവകരുണ ലഭിക്കുകയുള്ളൂ. അവരുള്ളിടത്തേ ക്രിസ്തുസാന്നിധ്യം നിലനിൽക്കുകയുള്ളൂ. ക്ഷമിക്കുന്നവരുള്ളിടം സ്വർഗം ഇറങ്ങി വന്നതു പോലെയാണ്. അവിടെ ദൈവസാന്നിധ്യവും കരുണയും അനുഭവ വേദ്യമാകും. പരസ്പരം ക്ഷമിച്ചുകൊണ്ട് നമുക്ക് നമ്മുടെ കുടുംബങ്ങളെയും സമൂഹത്തെ സ്വർഗ തുല്യമാക്കാം.

**ഡോ. പോൾ കുഞ്ഞാനായിൽ mcbs**

## IV. പ്രസംഗം: ക്ഷമയുടെ പാഠം

വിശ്വവിഖ്യാത എഴുത്തുകാരനായ John Purkiss ന്റെ ജനലക്ഷങ്ങൾ നെഞ്ചേറ്റിയ പുസ്തകമാണ് The Power of Letting Go. ഒരു എഴുത്തുകാരന്റെ രചനാപാടവവും ആഴമായ അനുഭവസമ്പത്തും ഭാവനാസമ്പന്നതയും നന്നായി പ്രതിഫലിപ്പിക്കുന്ന ഈ ഗ്രന്ഥത്തിൽ ഒരുവൻ സന്തോഷപ്രാപ്തിയ്ക്കായി സ്വമനസ്സാലെ വിട്ടുകളയേണ്ട കാര്യങ്ങളെ കുറിച്ചാണ് പ്രധാനമായും വിവരിക്കുന്നത്. അതിൽ പ്രധാനമാണ് മറ്റുള്ളവരോട് നിരുപാധികം ക്ഷമിക്കുക എന്നുള്ളത്. ക്ഷമയിലൂടെ നാം നേടുന്ന അക്ഷയസൗഭാഗ്യങ്ങളെ കുറിച്ച് John Purkiss വാചാലനാകുന്നുണ്ട്. ഭൂതകാലത്തെ മുറിപ്പാടുകൾ മറന്ന് വർത്തമാനകാലത്തിൽ ജീവിക്കാൻ ഒരുവൻ തീരുമാനിക്കുന്നതിലൂടെ കൈവരുന്ന സ്വസ്ഥതയും സമാധാനവും വളരെ വലുതാണെന്ന് അദ്ദേഹം പറഞ്ഞുവയ്ക്കുന്നുണ്ട്.

വേദഭാഗത്ത് മഹത്തായ ഉദ്ബോധനങ്ങൾക്കൊടുവിൽ ശിമയോൻ പത്രോസ് കർത്താവിനോട് ചോദിക്കുന്നു: 'സഹോദരൻ എത്രവട്ടം എന്നോട് പിഴച്ചാൽ ഞാൻ ക്ഷമിക്കണം? എഴുവട്ടം മതിയോ?' യേശു അവനോടു പ്രത്യുത്തരിച്ചു: 'ഏഴല്ല; ഏഴെഴുപതു വട്ടം എന്നു ഞാൻ നിന്നോട് പറയുന്നു.'

മറ്റുള്ളവരോടു ക്ഷമിക്കാൻ ദൈവം ആവശ്യപ്പെടുന്ന തവണകൾക്കു യഥാർഥത്തിൽ പരിധിയൊന്നുമില്ല എന്നു പറയുന്നതിനു തുല്യമാണത്. തുടർന്നുള്ള ഉപമ ഇതിനു നല്ലൊരു കാരണം കൂടി നല്കുന്നു. ദൈവമക്കൾ കൂടെക്കൂടെ മറ്റുള്ളവരോടു ക്ഷമിക്കുന്നതു അത്ര വലിയ കാര്യമൊന്നുമല്ല. കാരണം, ദൈവം അവരോട് എത്രതവണ ക്ഷമിച്ചുവെന്നതുമായി തുലനം ചെയ്യുമ്പോൾ അത് ഒന്നുമില്ല. പരസ്പരം ക്ഷമിക്കാനും പൊറുക്കാനും കഴിയാത്തവനോട് എങ്ങനെയാണ് സ്വർഗം കരുണ കാണിക്കുക? വേദഗ്രന്ഥം പറയുന്നു: 'നിങ്ങൾ മനുഷ്യരോട് അവരുടെ പിഴകളെ ക്ഷമിച്ചാൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും' (മത്താ 6: 14). ദൈവസ്നേഹം വെളിപ്പെടേണ്ടത് പ്രത്യക്ഷമായ മനുഷ്യസ്നേഹത്തിലാണ്. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാൻ കഴിയാത്തവന് എങ്ങനെയാണ് കണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ കഴിയുക? ദൈവസ്നേഹവും ഭക്തിയും പൂർണ്ണമാകുന്നത് ഉപാധികളില്ലാത്ത സ്നേഹത്തിലും കണക്കുവയ്ക്കാത്ത ക്ഷമയിലും ഹൃദയം തൊടുന്ന കരുതലിലുമാണ്. ഒരു ശരീരത്തിലെ അവയവങ്ങളെപോലെ കഴിയേണ്ട സഹോദരങ്ങൾക്ക് പരസ്പരം ഉണ്ടാകേണ്ടിയിരുന്ന സ്നേഹവും ക്ഷമയും കരുതലും നഷ്ടപ്പെട്ടത് കണ്ടതുകൊണ്ടാണ് അപ്പസ്തോലനായ പൗലോസ് കൊളോസോസ് സഭയ്ക്ക് എഴുതിയത്: "ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരും വാത്സല്യഭാജനങ്ങളും പരിശുദ്ധരുമെന്ന നിലയിൽ നിങ്ങൾ കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ എന്നിവ ധരിച്ചുകൊണ്ട്

അന്യോന്യം പൊറുക്കുകയും ഒരുവനോട് ഒരുവന് വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കുകയും ചെയ്യുവിൻ" (കൊളോ 3:12-13).

ഹൃദയപൂർവം ക്ഷമിക്കാൻ കഴിയാത്തതിന്റെ ദുരന്തഫലങ്ങൾ നേരിട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്ന സമകാലിക ജീവിതസാഹചര്യങ്ങളിൽ ക്ഷമ കൊണ്ടു മാത്രം നേടാൻ കഴിയുന്ന ജീവനും ജീവിതങ്ങളുമുണ്ടെന്ന ബോധ്യം ഉത്തരോത്തരം ശക്തിപ്പെടുകയാണ്. തകർന്നു പോകുന്ന ബന്ധങ്ങൾ, വേർപിരിയുന്ന ദാമ്പത്യം, മുറിഞ്ഞുപോകുന്ന അയൽബന്ധങ്ങൾ, ആഴം കുറയുന്ന ഭക്തിജീവിതം എല്ലാം ഒരു പുനർവിചിന്തനം ആവശ്യപ്പെടുകയാണ്. മനുഷ്യജീവിതം തന്നെ അതിതീവ്രപരിചരണ വിഭാഗത്തിലേക്ക് മാറ്റപ്പെടുകയാണ്. 'വെല്ലുവിളികളുടെ മധ്യേ ക്ഷമ കൊണ്ട് നിങ്ങൾ ജീവനെ നേടുക' (ലൂക്കാ 21:19) എന്നാണ് കർത്താവിന്റെ ഭാഷ്യം.

**ഫാ. ഏലിയാസ് ഐപ്പ് പാറയ്ക്കൽ**

# ലൂക്കാ 16:13 – 18

ഒക്ടോബർ 08, സ്ലീബാപ്പെരുന്നാളിനുശേഷം 4–ാം ഞായർ

## I. പശ്ചാത്തലം

ജറുസലെം ലക്ഷ്യമാക്കിയുള്ള യേശുവിന്റെ സുദീർഘമായ യാത്ര, സുപ്രധാനമായ പഠനങ്ങൾകൊണ്ട് സമ്പന്നമാണ് 15,16 അധ്യായങ്ങൾ. സമ്പത്ത് ചിലപ്പോഴെങ്കിലും മനുഷ്യന്റെ നിത്യരക്ഷയ്ക്ക് തടസ്സമായി ഭവിക്കുന്നതിനെ കേന്ദ്രീകരിച്ചാണ്. 16–ാം അധ്യായം ആരംഭിക്കുന്നത് സമ്പത്തുകൊണ്ട് എങ്ങനെ ഒരു കാര്യസ്ഥൻ വിവേകത്തോടെ ഈ ലോകത്തിലെ തന്റെ സ്ഥാനം സുരക്ഷിതമാക്കുന്നു എന്ന കഥ പറഞ്ഞുകൊണ്ടാണ്. ഇതിന്റെ തുടർച്ചയായി വരുന്ന പഠനഭാഗമാണ് വചനഭാഗം.

## II. പ്രമേയം

ദൈവവും സമ്പത്തും വിരുദ്ധധ്രുവങ്ങളിലാണെന്നും ഒന്നിനെ തള്ളാതെ മറ്റൊന്നിനെ ഉൾക്കൊള്ളാൻ കഴിയില്ല എന്നുമാണ് വചനത്തിന്റെ പ്രധാനപ്രമേയം.

## III. സന്ദേശം

1. ഒന്നാം പ്രമാണത്തിന്റെ ഒരു വ്യാഖ്യാനമാണ് 13–ാം വചനം. നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു; ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത് (പുറ 20:2–3). സമ്പത്ത് ദൈവമായി, മാറുന്ന ഒരവസ്ഥയെക്കുറിച്ചുള്ള മുന്നറിയിപ്പാണ് യേശു നല്കുന്നത്. മത്തായി സുവിശേഷത്തിലെ മലയിലെ പ്രസംഗത്തിൽ ഇതേ വചനങ്ങൾ നാം കാണുന്നുണ്ട് (മത്താ 6:24) സമ്പത്ത് ദൈവത്തിന്റെ പകരക്കാരനാകുന്നതിന്റെ അപകടവും സാധ്യതയും നാം തിരിച്ചറിയണം. 'മാമ്മോൻ' എന്നത് ഒരു അരമായ പദമാണ്. സമ്പത്ത് അഥവാ വസ്തു എന്നാണർത്ഥം. ദൈവത്തിൽനിന്നും അകറ്റി നിർത്താൻ സമ്പത്തിനുകഴിയും എന്ന പഠനം സുവിശേഷങ്ങളിൽ പല ഭാഗത്തും പല രീതിയിലും ഉണ്ട്. ലൂക്കാ 12:22–34 ൽ സമ്പത്തിൽ ആശ്രയം വയ്ക്കുന്നതിന്റെ

പൊള്ളത്തരം പഠിപ്പിക്കുന്നുണ്ട്. 16-ാം അധ്യായത്തിൽ ധനികൻ അവസാനം നരകത്തിലെത്തുന്നതും 18-ാം അധ്യായത്തിൽ രക്ഷ പ്രാപിക്കാൻ സമ്പത്ത് ദരിദ്രർക്ക് ദാനം ചെയ്യണം എന്ന പഠനവും ധനത്തിലും ദൈവത്തിലും നിന്ന് നാം ഒ ന്ന് തിരഞ്ഞെടുക്കേണ്ടതിന്റെ അനിവാര്യത സൂചിപ്പിക്കുന്നു.

2. സമ്പത്തിന്റെ അർത്ഥമില്ലായ്മയെക്കുറിച്ചുള്ള യേശുവിന്റെ പഠനംകേട്ട് പണക്കൊതിയന്മാരായ ഫരിസേയർ പരിഹസിക്കുന്നു എന്നത് ശ്രദ്ധേയമാണ്. യേശു പ്രധാനമായും അവരെ ഉദ്ദേശിച്ചാണ് ഈ പ്രബോധനം നല്കിയത് എന്ന വ്യംഗ്യം. സാധാരണ മനുഷ്യർക്ക് ആത്മീയ വഴി കാണിച്ചുകൊടുത്തവരാണ് ഫരിസേയർ. അഥവാ വേർതിരിക്കപ്പെട്ടവർ. എന്നാൽ അവരാണ് ദൈവത്തെ ശത്രുപക്ഷത്തു നിർത്തി  പണത്തെ പുൽകുന്നവർ. യേശുവിന്റെ പഠനങ്ങൾ ദുഃസഹമായി തോന്നുമ്പോൾ, അതിനെ, അപ്രായോഗികം, ഭാരം കൂടിയത്, അപ്രസക്തം എന്നീ വിശേഷങ്ങളിലൂടെ പരിഹസിച്ചു തള്ളുന്നവരല്ലേ നമ്മളും. വചനം നമുക്കുള്ള വെല്ലുവിളിയായി തുറന്ന മനസ്സോടെ സ്വീകരിക്കാൻ ഫരിസേയ മനോഭാവം തള്ളിക്കളഞ്ഞേ മതിയാവൂ.

3. വിശുദ്ധഗ്രന്ഥത്തിന്റെ സമഗ്രത പ്രകടമാക്കുന്നതാണ് 'നിയമത്തിന്റെ വള്ളിയോ, പുള്ളിയോ മാറ്റമില്ലാതെ തുടരും എന്ന വചനത്തിലൂടെ അർത്ഥമാക്കുന്നത്. പ്രത്യക്ഷത്തിൽ ഫരിസേയരെ വിമർശിക്കുമ്പോൾ, പഴയനിയമത്തിന് യേശു പുറംതിരിഞ്ഞുനില്ക്കുന്നു എന്ന തോന്നലിന് മറുവശം കാണിക്കുകയാണ് യേശു. മറിച്ച് പഴയനിയമത്തിലെ നിയമങ്ങൾക്ക് അനുബന്ധങ്ങൾ യേശു നല്കുന്നത്. കൊല്ലരുത് പ്രമാണത്തോടുകൂടി 'കോപിക്കരുത്' എന്നത് കൂട്ടിച്ചേർക്കുന്നത് നാം കാണുന്നുണ്ട് (മത്താ 5:21). ഇവിടെ (16:18) യേശു ഭാര്യാ ഭർതൃബന്ധത്തിന്റെ അനന്യത വളരെ വിശാലമായ അർത്ഥത്തിൽ കാണിച്ചുതരുന്നു. പുരുഷകേന്ദ്രീകൃതമായ വിവാഹമോചന നിയമത്തെ സ്ത്രീയുടെ കണ്ണുകളിൽക്കൂടി നോക്കിക്കാണാൻ യേശു ക്ഷണിക്കുന്നു. ഭാര്യയെ ഉപേക്ഷിക്കുന്നതും, ഉപേക്ഷിച്ചവളെ വിവാഹം കഴിക്കുന്നതും ഒരേപോലെ പാപമാണെന്നത് സ്ത്രീപുരുഷ സമത്വം വെളിവാക്കുന്ന പഠനമാണ്.

**ഡോ. ജേക്കബ് മുല്ലൂർ**

## IV. പ്രസംഗം: ബലപ്രയോഗ ജീവിതം

"നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണ മനസ്സോടും കൂടെ സ്നേഹിക്കുക" (മത്താ 22:37).

ഇന്നത്തെ സുവിശേഷത്തിൽ യേശു ശക്തമായി പഠിപ്പിക്കുന്നു: "ഒരു ഭൃത്യന് രണ്ട് യജമാനന്മാരെ സേവിക്കാൻ സാധിക്കുകയില്ല. കാരണം, ഒന്നുകിൽ ഒരുവനെ വെറുക്കുകയും മറ്റവനെ സ്നേഹിക്കുകയും ചെയ്യും. അല്ലെങ്കിൽ ഒരുവനോട് ചേർന്നുനില്ക്കുകയും മറ്റവനെ നിന്ദിക്കുകയും ചെയ്യും" (ലൂക്കാ 16:3). യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക;

ക്രിസ്തീയ ജീവിതത്തിലെ സമ്പൂർണ സമർപ്പണം എന്നീ മൂന്ന് കാര്യങ്ങളി ൽ ഉൾക്കൊള്ളുന്നു. ഞാൻ എന്റെ ദൈവത്തെ സ്നേഹിക്കുന്നു. എന്റെ ദൈ വത്തെ സേവിക്കുന്നു, എന്റെ ദൈവത്തിന്റെ കൂടെ നില്ക്കുന്നു എന്ന് വിളിച്ചുപറയുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ നാം ദൈവമക്കളാണ്. പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം നിർജീവമാണെന്ന് പഠിപ്പിക്കുന്ന യാക്കോബ് ശ്ലീഹാ നമ്മോട് പറയുന്നു: "ദൈവം ഏകനാണെന്നു നീ വിശ്വസിക്കുന്നു; അതു നല്ലതുതന്നെ. പിശാചുക്കളും വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു" (യാക്കോ 2:19).

ഞാൻ എന്റെ ദൈവത്തെ സ്നേഹിക്കുന്നു, സേവിക്കുന്നു, അവന്റെ കൂടെ നില്ക്കുന്നു എന്ന് വിളിച്ചുപറയുകയും സമ്പത്തിനും സുഖഭോഗങ്ങൾക്കും ഞാൻ അടിമയായിത്തീരുകയും ചെയ്യുമ്പോൾ ഞാൻ യഥാർത്ഥത്തിൽ സ്നേഹിക്കുന്നതും സേവിക്കുന്നതും കൂടെ നില്ക്കുന്നതും സാത്താന്റെ കൂടെയാണ്. അവിടെ സ്വാതന്ത്ര്യം അല്ല അടിമത്വമാണ് എന്നെ ഭരിക്കുന്നത്. അതിനാൽ ഹൃദയം കാണുന്ന കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും സ്നേഹിക്കുക എന്നത് വളരെ തീവ്രമായ പരിശ്രമം ആവശ്യമുള്ള ഒന്നാണ്. നിരന്തരമായി പ്രർത്ഥിക്കുകയും നിരന്തരമായി പ്രവർത്തിക്കുകയും ചെയ്യുന്ന ജാഗരൂകനായ ഒരു വ്യക്തിക്ക് മാത്രമേ ദൈവത്തെ മാത്രം സ്നേഹിക്കാനും സേവിക്കാനും കൂടെ നില്ക്കാനും സാധിക്കൂ. അതുകൊണ്ടാണ് യേശു പറയുന്നത്; "നിയമവും പ്രവാചകന്മാരും യോഹന്നാൻവരെ ആയിരുന്നു. അതിനുശേഷം ദൈവരാജ്യം പ്രസംഗിക്കപ്പെടുന്നു. എല്ലാവരും ബലംപ്രയോഗിച്ച് അതിൽ പ്രവേശിക്കുന്നു" (ലൂക്കാ 16:16). യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കു ക; ദൈവരാജ്യത്തിൽ പ്രവേശിക്കാൻ ബലം പ്രയോഗിക്കണം."

ക്രിസ്തുവിനെ യഥാർത്ഥമായി അനുസരിക്കുന്നവൻ അനുസരണയും സഹനവും ആഘോഷമാക്കുന്നു. അങ്ങനെയുള്ളവർ ക്രിസ്തുവിന്റെ കൂടെ നില്ക്കുന്നു. അവരാണ് ശക്തമായ കുടുംബങ്ങളെ സൃഷ്ടിക്കുന്നത്. അവനുള്ള ശക്തമായ കൂട്ടായ്മകളെ സൃഷ്ടിക്കുന്നത്. അവരാണ് ശക്തമായ ഇടവകകളെ സൃഷ്ടിക്കുന്നത്. അവരാണ് സഭയെ അന്നും ഇന്നും താങ്ങി നിർത്തുന്നത്.

**ഫാ. റോയ് ആഞ്ഞിലിമൂട്ടിൽ**

# മത്താ 23:1-12

ഒക്ടോബർ 15, സ്ലീബാപ്പെരുന്നാളിനുശേഷം 5-ാം ഞായർ

## I. പശ്ചാത്തലം

പരസ്യജീവിതത്തിന്റെ യാത്രകളിൽ ഈശോ ശിഷ്യന്മാർക്കും അനുഗാമികൾക്കും ഇതരവിഭാഗങ്ങൾക്കും വ്യത്യസ്തങ്ങളായ പ്രബോധനങ്ങളും ഉപദേശങ്ങളും വിമർശനങ്ങളും ശാസനങ്ങളും നല്കിയിട്ടുണ്ട്. മത്തായി സുവിശേഷത്തിലെ 23-ാ മത്തെ അധ്യായത്തിന്റെ ആദ്യഭാഗത്ത് ഈശോ നല്കുന്ന ഉപദേശങ്ങളാണ് അവതരിപ്പിച്ചിരിക്കുന്നത് (23:1-12). കപടനാട്യത്തിന്റെ വഴികളിലൂടെ സഞ്ചരിക്കുന്ന നിയമജ്ഞരെയും ഫരിസേയരെയും പോലെയാകാതെയിരിക്കാനുള്ള ഉപദേശഭാഗമാണിത്.

## II. പ്രമേയം

മോശയുടെ നിയമങ്ങൾ അനുവർത്തിച്ച് ചരിക്കേണ്ട നിയമജ്ഞരും ഫരിസേയരും പ്രബോധനത്തിൽനിന്നും വളരെ അകലം പാലിച്ച് ജീവിക്കുന്നതിനാൽ അവരുടെ പ്രബോധനവും പ്രവർത്തനശൈലിയും കപടതനിറഞ്ഞതാണ് (23:2-9). പരസ്യപുകഴ്ചയും മനുഷ്യരിൽനിന്നുമുള്ള ബഹുമാനവുമാണ് അവരുടെ താത്പര്യം (23:5-7). ഇതിൽനിന്നും വ്യത്യസ്തമായിട്ടുള്ള ഒരു പെരുമാറ്റ ചട്ടമാണ് ക്രിസ്തീയ കൂട്ടായ്മയിൽ- സഭ- ഉണ്ടാകേണ്ടത്. ഫരിസേയരുടെയും നിയമജ്ഞരുടെയും കാപട്യശൈലികൾ അവതരിപ്പിച്ചതിനുശേഷം (22:2-7), 'എന്നാൽ നിങ്ങൾ' എന്ന പ്രയോഗത്തിലൂടെ ക്രിസ്തുശിഷ്യന്മാർ അനുവർത്തിക്കേണ്ട ജീവിതശൈലിയെക്കുറിച്ചാണ് ഇവിടെ കുറിച്ചിരിക്കുന്നത് (23:8-12). സഭ ഒരു സഹോദര സമൂഹമാണ്. അക്കാരണത്താൽത്തന്നെ സാഹോദര്യത്തിന്റെ ചൈതന്യമാണ് അവിടെ നിറഞ്ഞുനിൽക്കേണ്ടത്. ഈശോയിൽ ചരിക്കുന്നവർക്ക് ഒരു ഗുരുവും ഒരു പിതാവും ഒരു നേതാവും മാത്രമേയുള്ളൂ. തന്മൂലം ഈ ദൈവിക വിശേഷണങ്ങളാൽ അപ്രകാരമുള്ള അർത്ഥതലത്തിൽ ഭൂമിയിൽ മനുഷ്യനെ അഭിസംബോധന ചെയ്യേണ്ട

തില്ല. ഫരിസേയശൈലിയിൽനിന്നും മാറിയുള്ള ഒരു ചുവടുവയ്പ്പാണിത്.

## III. സന്ദേശം

1. നിയമത്തെ വ്യാഖ്യാനിക്കുന്നവർ മാനുഷിക പരിഗണനയില്ലാതെ നിയമം അടിച്ചേൽപ്പിക്കാൻ പാടില്ല. മറ്റുള്ളവരെ നിയമം അനുസരിക്കാൻ പഠിപ്പിക്കുന്നവർ സ്വജീവിതത്തിൽ നിയമം അനുസരിക്കുന്നവരാകണം. മോശയുടെ സിംഹാസനത്തിലിരുന്ന് അധികാരത്തോടുകൂടെ പ്രബോധനം നടത്തുന്ന വേദപണ്ഡിതരും ഫരിസേയരും യഥാർത്ഥ പ്രബോധനത്തിനനുസരിച്ച് ജീവിക്കുന്നുമില്ല, ഒപ്പം, നിയമത്തിന്റെ ഭാരമുള്ള വ്യാഖ്യാനങ്ങൾ നല്കി സാധാരണ മനുഷ്യരെ വിഷമിപ്പിക്കുകയും ചെയ്യുന്നു. തോറായെ (torah) അടിസ്ഥാനപ്പെടുത്തി തിട്ടപ്പെടുത്തിയിരിക്കുന്ന യഹൂദരുടെ 613 കല്പനകൾ പലതും ജനങ്ങൾക്ക് 'ചുമക്കാൻ ഭാരമുള്ള ചുമട്' തന്നെയാണ് (23:4).

നിയമങ്ങൾ മനുഷ്യനുവേണ്ടിയും മാനുഷിക പരിഗണനയിലുമായിരിക്കണം രൂപംകൊള്ളേണ്ടത്. മാനുഷിക നന്മയും ഉന്നതിയും വളർച്ചയുമായിരിക്കണം നിയമത്തിന്റെ ലക്ഷ്യം. നിയമം നിർമിക്കുന്നവരും നിയമപാലകരും നിയമത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് നിയമം അനുസരിക്കുന്നവരാകണം.

2. ഈശോയാണ് എന്റെ റബ്ബീ (Rabbi). ഗുരു എന്നും യജമാനൻ എന്നും വരുന്ന ഈ ഹീബ്രുപദം അഭിസംബോധനയ്ക്കാണ് സാധാരണയായി ജനം ഉപയോഗിച്ചിരുന്നത്. റബ്ബീ എന്ന പദത്തിന്റെ കൃത്യമായ അർത്ഥം 'എന്റെ വലിയവൻ' (my great one) എന്നാണ്. യോഹന്നാന്റെ സുവിശേഷത്തിൽ ഈശോയെ തിരക്കിവരുന്നവരും (1:49;6:25). നിക്കൊദേമോസും (3:2) ഈശോയുടെ ശിഷ്യരും (4:31;50:2;11:8). അവിടുത്തെ അഭിസംബോധന ചെയ്യുന്നത് റബ്ബീ എന്നാണ്. ഉത്ഥാനാനന്തരം ഈശോയെ കണ്ടപ്പോൾ മറിയം വിളിക്കുന്നതും ഈ പേരുതന്നെയാണ്. ക്രിസ്തീയ കൂട്ടായ്മയിൽ ഈശോമിശിഹാ തന്നെയാണ് 'എന്റെ വലിയവൻ' കാരണം ഈശോയാണ് യഥാർത്ഥ ഗുരു. അവിടുത്തെ പ്രബോധനമാണ് നാം സ്വീകരിക്കേണ്ടത്.

**ഡോ. തോമസ് വടക്കേൽ**

## IV. പ്രസംഗം: ക്രിസ്തുശരീരത്തിലെ അവയവങ്ങൾ

മനുഷ്യരെ വിമർശിക്കുകയും അവർ ചെയ്യുന്ന തെറ്റുകൾ അതുപോലെ ആവർത്തിക്കുകയുമാണ് നാം സാധാരണ ചെയ്യുന്ന അബദ്ധം. യേശു ഇന്ന് ആവശ്യപ്പെടുന്നത് അധികാരികളെ അനുസരിക്കാനും അതേസമയം അവരുടെ തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ കഴിയുന്ന ഒരു ജനതയാകാനുമാണ്. അതിനായി അവൻ പുതിയൊരു വഴി പഠിപ്പിക്കുന്നുമുണ്ട്. പുതിയ മാർഗം പൂർണനായ ഒരു 'അപ്പ' നെയും 'നേതാവിനെ' യും സ്വന്തമായി സ്വീകരിക്കുകയെന്നതാണ്.

യേശു നടപ്പിലാക്കുന്നത് അന്ന് ഇസ്രായേലിൽ നിലനിന്നിരുന്നതിന്റെ നേരെ എതിരായ മറ്റൊരു നേതൃത്വ രീതിയാണ്. ഭാരമുള്ള ചുമടുകൾ ജനത്തിനു വച്ചുകൊടുക്കുകയും എന്നാൽ സഹായിക്കാൻ ചെറുവിരൽപോലും അനക്കാൻ തയ്യാറാകാതിരിക്കുകയും ചെയ്യുന്ന യഹൂദ റബ്ബിമാർക്കു പകരം അവൻ മുന്നോട്ടുവയ്ക്കുന്നത് കാലുകഴുകുന്ന, അധ്വാനിക്കുന്നവരെയും ഭാരം വഹിക്കുന്നവരെയും ആശ്വസിപ്പിക്കുന്ന പുതിയൊരു നേതൃത്വമാണ്. മാനേജ്മെന്റ് വിദഗ്ധർ ഇപ്പോൾ അന്താരാഷ്ട്ര കമ്പനികളിൽ നടപ്പാക്കാനാഗ്രഹിക്കുന്ന 'സേർവന്റ് ലീഡർഷിപ്പ്' എന്ന രീതി രണ്ടായിരംവർഷം മുമ്പ് ക്രിസ്തു ജീവിച്ചുകാണിച്ച അവന്റെ ശൈലിതന്നെയാണ്. നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം (മത്താ 23:11) എന്ന കല്പന സഭാധികാരികൾക്ക് മാത്രമല്ല ഏതൊരു രാഷ്ട്രീയ, സാമൂഹിക സ്ഥാപനത്തെ നയിക്കുന്നവർക്കുമുള്ള ഏറ്റവും ലളിതമായ വിജയമന്ത്രമാണ്. ശുശ്രൂഷകനായതിൽ സന്തോഷിച്ച ഒരു രാഷ്ട്രീയ നേതാവിന്റെ മരണത്തിൽ കേരളജനത കാണിച്ച സ്നേഹപ്രകടനം ഇക്കാലത്തെ വളരെ കലുഷിതമായ സാമൂഹികാന്തരീക്ഷത്തിലും ദൈവവചനത്തിന്റെ 'തെറ്റാവരം' തെളിയിച്ചു തരുന്നുണ്ട്.

മനുഷ്യന്റെ പ്രലോഭനങ്ങൾ മൂന്നു വിധമാണ്. "ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത" (1 യോഹ 2:16). ആത്മീയ നേതൃത്വത്തിലേക്കെത്തുന്ന ഒരാൾക്ക് കണ്ണുകളെയും ജഡത്തെയും നിയന്ത്രിച്ചേ മതിയാകൂ എന്ന് നന്നായി അറിയാം. എന്നാൽ ജീവിതത്തിന്റെ അഹന്തയോടും അയാൾ യുദ്ധം ചെയ്യേണ്ടതുണ്ടെന്ന് വചനമോർപ്പിക്കുന്നു. റബ്ബീയെന്ന വിളിയും വിരുന്നിലെ പ്രമുഖസ്ഥാനവും പൗരോഹിത്യവസ്ത്രം തരുന്ന 'ഗ്ലോറിയും' നിന്നെ ഭ്രമിപ്പിക്കുന്നെങ്കിൽ നീയിപ്പോഴും ഫരിസേയന്റെ കൊച്ചുമനസ്സിൽ നിന്ന് ക്രിസ്തുവിന്റെ ശിഷ്യത്വത്തിലേക്കു വളർന്നിട്ടില്ലായെന്നതാണ് ക്രിസ്തുവിന്റെ ശകാരം.

Date of Publication: 25 September 2023 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23, KL/CR/EKM/WPP-17/2021-2023 (Page 66)

വചനഭാഗമവസാനിക്കുന്നത് ഒരു ഉപദേശത്തോടെയാണ്. ഒരുപക്ഷേ, മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള ഒരു ഉപദേശം. ഭൂമിയിലാരെയും പിതാവെന്നു വിളിക്കരുതെന്നാണത്. അക്ഷരാർത്ഥത്തിലെടുത്താൽ സ്വന്തം അപ്പനെ 'അപ്പാ' യെന്നു വിളിക്കാനുള്ള അധികാരം നഷ്ടപ്പെടുത്തിക്കളയുന്ന വചനം. എന്നാൽ എഫേ 3:14 വായിക്കുന്നവർക്ക് ഇത് നന്നായി മനസ്സിലാകും. 'സ്വർഗ' ത്തിലും ഭൂമിയിലുമുള്ള എല്ലാ പിതൃത്വവും നാമം ധരിച്ചിരിക്കുന്ന പിതാവിന്റെ മുമ്പിൽ ഞാൻ മുട്ടുകൾ മടക്കുന്നു. 'നിന്റെ അപ്പനെ (ആത്മീയ പിതാവോ ജന്മം നല്കിയ പിതാവോ) അപ്പായെന്നു വിളിക്കുമ്പോഴും പൂർണനായ ഒരു ദൈവത്തിന്റെ മകനാണെന്നതു മറക്കാതിരിക്കാൻ ഓരോ വിശ്വാസിയും തയ്യാറാകണം. ഞാൻ പൗലോസിന്റേതാണ്, ഞാൻ അപ്പോളോസിന്റേതാണ് എന്ന് പറഞ്ഞ് കലഹിക്കാൻ (1 കോറി 3:4-9) ഒരു ക്രിസ്ത്യാനിക്കും അവകാശമില്ല. ഒരു അപ്പന്റെ മക്കളായി, ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളായി ജീവിക്കാൻ വിളിക്കപ്പെട്ടവരാണ് ഓരോ ക്രിസ്ത്യാനിയും. ഒരാളെ നേതാവായി സ്വീകരിക്കുമ്പോഴും ക്രിസ്തുവിന്റെ നേതൃത്വമെടുക്കുന്നവൻ ഒരിക്കലും വിജാതീയരെപ്പോലെ ഏകാധിപതിയാകാൻ പാടില്ല. ദൈവഭയമില്ലാത്ത നേതൃത്വത്തിന്റെ ദുഷിച്ച സാധുതകൾക്കെതിരെ ഈ വചനം നമ്മെ താക്കീതു ചെയ്യുന്നു.

**ഫാ. ഷോജി വെച്ചൂർകരോട്ട്**

*Printed Edited and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O, Kochi -15, Ernakulam Dt, Printed at Viani Printings, Kochi-18*